**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 761** **28-06-2022 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിലെ മുന്നാട് സഹകരണ പരിശീലനകേന്ദ്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിൽ സർക്കിൾ സഹകരണ യൂണിയന്റെ കീഴിൽ മുന്നാട് കേന്ദ്രമായി എത്ര വർഷമായി സഹകരണ പരിശീലനകേന്ദ്രം പ്രവർത്തിച്ചു വരുന്നു; | (എ) | സംസ്ഥാന സഹകരണ യൂണിയന് കീഴിൽ 14 വർഷമായി സഹകരണ പരിശീലന കേന്ദ്രം പ്രവർത്തിച്ചു വരുന്നു. |
| (ബി) | പ്രസ്തുത സ്ഥാപനത്തിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് സൗജന്യമായി സ്ഥലം ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | ലഭിച്ചിട്ടുണ്ട്., കുറ്റിക്കോൽ വില്ലേജ് റീസർവ്വേ നം. 53/3 സിയിൽപ്പെട്ട 15 സെന്റ് ഭൂമി സഹകരണ പരിശീലന കേന്ദ്രത്തിനുള്ള കെട്ടിടം നിർമ്മിക്കുന്നതിനായി കാസർഗോഡ് എഡ്യുക്കേഷണൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി സൗജന്യമായി വിട്ടു നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിനുള്ള തറക്കല്ലിടൽ കർമ്മം നിർവ്വഹിച്ചിട്ടുണ്ടോ; എങ്കിൽ അതിന് ശേഷം കെട്ടിടം പണി തുടങ്ങാനുള്ള നടപടി സ്വീകരിച്ചിരുന്നോ; വിശദമാക്കാമോ; | (സി) | നിർമ്മാണത്തിനായി ഒരു കമ്മിറ്റി രൂപീകരി-ക്കുകയും, പ്ലാനും എസ്റ്റിമേറ്റും 17.10.2017 -ൽ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ തുടർ നടപടി ഉണ്ടായില്ല. പുതിയ കമ്മിറ്റി വിളിച്ച് ചേർത്ത് പ്രവർത്തനം ത്വരിതപ്പെടുത്താൻ നിർദ്ദേശം നൽതിയിട്ടുണ്ട്. |
| (ഡി) | കെട്ടിടം പണിയാനുള്ള നടപടി എന്ന് ആരംഭിക്കാനാവുമെന്ന് അറിയിക്കാമോ? | (ഡി) | നിർമ്മാണത്തിനായി ഒരു കമ്മിറ്റി രൂപീകരി-ക്കുകയും, പ്ലാനും എസ്റ്റിമേറ്റും 17.10.2017 -ൽ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ തുടർ നടപടി ഉണ്ടായില്ല. പുതിയ കമ്മിറ്റി വിളിച്ച് ചേർത്ത് പ്രവർത്തനം ത്വരിതപ്പെടുത്താൻ നിർദ്ദേശം നൽതിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ